STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.349/PR/SPMC/PHQ/2025 Date:28.10.2025

# 414 സേനാംഗങ്ങൾകൂടി കർമ്മപഥത്തിലേയ്ക്ക്

സേനയിലേക്ക് പുതുതായി വരുന്നവർ അനുദിനം മാറിവരുന്ന സാങ്കേതിക രംഗത്തെ മാറ്റങ്ങൾ മനസിലാക്കി പ്രവർത്തിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ പറഞ്ഞു. സൈബർ ക്രൈം മുതൽ ക്രിപ്റ്റോ കറൻസി വരെയുള്ള മേഖലകളിൽ പോലീസിന് ഇടപെടേണ്ടതുണ്ടെന്നും അതിനനുസൃതമായി പുതിയ സേനാംഗങ്ങൾ നിരന്തരം അറിവ് പുതുക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടി ച്ചേർത്തു. കേരള പോലീസ് അക്കാദമിയിൽ നടന്ന സംയുക്ത പാസിംഗ് ഔട്ട് പരേഡിന്റെ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരള ആംഡ് പോലീസ് അഞ്ചാം ബറ്റാലിയനിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ 227 റിക്രൂട്ട് പൊലീസ് കോൺസ്റ്റബിൾമാരുടെയും കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 187 റിക്രൂട്ട് വനിതാ പൊലീസ് കോൺസ്റ്റബിൾമാരുടെയും സംയുക്ത പാസിംഗ് ഔട്ട് പരേഡിന്റെ അഭിവാദ്യം സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ സ്വീകരിച്ചു.

സീതാലക്ഷ്മി പി നയിച്ച പരേഡിന്റെ സെക്കൻഡ് ഇൻ കമാൻഡ് അക്ഷയ് കുമാർ എ ആയിരുന്നു. ചടങ്ങിൽ പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് സംസ്ഥാന പോലീസ് മേധാവി പുരസ്കാരം വിതരണം ചെയ്തു.

കെ.എ.പി അഞ്ചാം ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെരഞ്ഞെടുക്കപ്പെട്ടത് സൈജു റ്റി ചാക്കോയാണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി അലൻ അഗസ്റ്റിൻ തെരഞ്ഞെടുക്കപ്പെട്ടു. ആൽവിൻ കെ ശിവജിയാണ് മികച്ച ഷൂട്ടർ. മികച്ച ആൾ റൗണ്ടറായി ആഷിക് സക്കീറിനേയും തെരഞ്ഞെടുത്തു.

വനിതാ ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെരഞ്ഞെടുക്കപ്പെട്ടത് അമൃത എം ആണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി തെരഞ്ഞെടുക്കപ്പെട്ട സീതാലക്ഷ്മി പി തന്നെയാണ് മികച്ച ആൾറൗണ്ടറും. ജ്യോതി ലക്ഷ്മിയാണ് മികച്ച ഷൂട്ടർ.

ഒൻപതുമാസത്തെ അടിസ്ഥാന പരിശീലനത്തിന്റെ ഭാഗമായി ഇവർക്ക് ശാരീരിക ക്ഷമതയും മനക്കരുത്തും വർധിപ്പിക്കുന്ന ഔട്ട്ഡോർ പാഠങ്ങളാണ് പകർന്നു നൽകിയത്. ഔട്ട്ഡോർ വിഭാഗത്തിൽ ശാരീരിക ക്ഷമത പരിശീലനം, ആയുധ പരിശീലനം, കരാട്ടേ, യോഗ, നീന്തൽ, വിവിധ സെൽഫ് ഡിഫൻസ് പരിശീലനങ്ങൾ, ഫയറിംഗ് എന്നിവയിൽ പരിശീലനം ലഭിക്കുകയുണ്ടായി.

ഇൻഡോർ വിഭാഗത്തിൽ ഇന്ത്യൻ ഭരണഘടന, ഭാരതീയ ന്യായ സൻഹിത, മോട്ടോർ വെഹിക്കിൾ ആക്റ്റ്, വി.ഐ.പി ബന്തവസ്സ്, ടെലി കമ്മ്യൂണിക്കേഷൻ, സോഷ്യൽ മീഡിയ, സൈബർ കുറ്റകൃത്യങ്ങൾ, വ്യക്തിത്വ വികസനം തുടങ്ങിയ വിഷയങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്.

ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്തോടെ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനായി ഫോറൻസിക് സയൻസ്, ഫോറൻസിക് മെഡിസിൻ, പീനോളജി, വിക്ടിമോളജി, സൈബർ ഫോറൻസിക് എന്നീ വിഷയങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്.

സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ജെൻഡർ ന്യൂട്രൽസ് തുടങ്ങിയവരോടുള്ള പെരുമാറ്റം, പരിസ്ഥിതിക്കെതിരെയുള്ള

കുറ്റകൃത്യങ്ങൾ തടയൽ തുടങ്ങിയവ പോലീസിന്റെ മാനവിക മുഖത്തിന്റെ സാക്ഷ്യം കൂടിയാണ്.

സർക്കാർ വിഭാവനം ചെയ്യുന്ന തരത്തിലുള്ള നവകേരള സൃഷ്ടിക്കായി പോലീസിന്റെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തുന്നതിനും പോലീസിന്റെ ആപ്തവാക്യമായ ''മൃദു ഭാവേ ദൃഢ കൃത്യേ'' അന്വർത്ഥമാക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പരിശീലനമാണ് പരിശീലന കാലയളവിൽ നൽകിയിട്ടുള്ളത്.

അഞ്ചാം ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയവരിൽ എം.ടെക്ക്, എം.എസ്.സി, എം.എ, എം.കോം, എം.ബി.എക്കാരായ 28 പേരും വിവിധ വിഷയങ്ങളിൽ ബിരുദം നേടിയ 146 പരും ഡിപ്ലോമ, പ്ലസ്ടു യോഗ്യ തയുള്ള 53 പേരുമാണുള്ളത്.

കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ വ നിതാ സേനാംഗങ്ങളിൽ എം.ടെക്ക്, എം.എസ്.സി, എം.എ, എം.കോം, എം.ബി.എക്കാരായ 59 പേരും വിവിധ വിഷയങ്ങളിൽ ബിരുദം നേടിയ 119 പരും ഡിപ്ലോമ, പ്ലസ്ടു യോഗ്യതയുള്ള ഒൻപതുപേരുമാണുള്ളത്.

എം.എൽ.എ ലിന്റോ ജോസഫ്, സംസ്ഥാന പൊലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി എസ്.ശ്രീജിത്ത്, ഐ.ജി ഗുഗുലോത്ത് ലക്ഷ്മൺ, തൃശൂർ റെയ്ഞ്ച് ഡി.ഐ.ജി ഹരി ശങ്കർ, മറ്റ് ഉന്നത പൊലീസുദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പരിശീലനാർത്ഥിനകളുടെ ബന്ധുക്കൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

*********************






PASSING OUTPARADE 2025




Mahindra
POLICE
KEPA
KL01BW3446


KERALA POLICE ACADEMY
MAYOR

